**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 490** **17-03-2023 - ൽ മറുപടിയ്ക്ക്**

**ക്ഷേമപെൻഷൻ തടസ്സമില്ലാതെ വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ഷേമപെൻഷൻ പ്രതിമാസം വിതരണം ചെയ്യുന്നതിൽ പ്രതിസന്ധിയുണ്ടാകാതിരിക്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ആറായിരം കോടി രൂപയുടെ സർക്കാർ ഗ്യാരന്റി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാരിന്റെ സംസ്ഥാന വിരുദ്ധ നിലപാടുകൾ കാരണം സംസ്ഥാനത്ത് ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കൃത്യമായ വിതരണത്തെ തടസ്സപ്പെടുത്തുന്ന സ്ഥിതിവിശേഷം സൃഷ്ടിച്ചിരുന്നു. ക്ഷേമപെൻഷനുകൾ മാസംതോറും നൽകണമെന്ന ബോധ്യം സർക്കാരിനുണ്ടായിരുന്നുവെങ്കിലും സംസ്ഥാനത്തിന്റെ ധനസ്ഥിതി അതിന് അനുകൂലമായിരുന്നില്ല. ഈയൊരു സാഹചര്യത്തിലാണ് ക്ഷേമപെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുന്നത് ഉറപ്പ് വരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ ഉടമസ്ഥതയിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് രൂപീകരിച്ചത്. കമ്പനി വഴിയുള്ള പെൻഷൻ വിതരണം സുഗമമാക്കുന്നതിനു വേണ്ടിയാണ് കമ്പനി വഴി സമാഹരിക്കുന്ന വായ്പകൾക്ക് സർക്കാർ ഗ്യാരന്റി നൽകുവാൻ തീരുമാനിച്ചത്. ആയതിന്റെ ഭാഗമായി 04.03.2023-ലെ സ.ഉ.(കൈ) നം. 32/2023/ധന. പ്രകാരം കമ്പനിക്ക് ധനസമാഹരണത്തിനായി 6000 കോടി രൂപയുടെ സർക്കാർ ഗ്യാരന്റി അനുവദിച്ചിരുന്നു. |
| (ബി) | കടംവാങ്ങി പെൻഷൻ വിതരണം നടത്തേണ്ടതില്ലെന്ന് കേന്ദ്ര ധനകാര്യമന്ത്രി പരസ്യ പ്രസ്താവന നടത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വായ്പ എടുത്തിട്ടായാലും പാവപ്പെട്ടവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനാണ് മുൻഗണനയെന്ന് സംസ്ഥാനം വ്യക്തമാക്കിയിട്ടുണ്ടോ; | (ബി) | കടം വാങ്ങി ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനെതിരായുള്ള കേന്ദ്ര ധനകാര്യ മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം അടക്കമുള്ള വിവിധ മേഖലകളിൽ സർക്കാരിന്റെ നേരിട്ടുള്ള പങ്കാളിത്തം കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ന് ദൃശ്യമായിട്ടുള്ള പുരോഗതി കൈവരിക്കുന്നതിൽ നിർണ്ണായകമാണെന്നത് ഒരു വസ്തുതയാണ്. അതുകൊണ്ട് തന്നെ അത് തുടരുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ആയതിനാൽ |

| | | | |
|---|---|---|---|
| | | | വിവിധ മേഖലകളിൽ നിന്നും സർക്കാർ പിന്മാറി അതുവഴി റവന്യൂ ചെലവുകളിൽ ഗണ്യമായ കുറവ് വരുത്തുക സാദ്ധ്യമല്ല. റവന്യൂ കമ്മി നിലനിൽക്കുന്ന പശ്ചാത്തലത്തിൽ ക്ഷേമപ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന്, പ്രത്യേകിച്ച് കേന്ദ്ര വിഭവ കൈമാറ്റത്തിൽ വരും വർഷങ്ങളിലും കാര്യമായ ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി പ്രതികാരബുദ്ധിയോടുകൂടി വെട്ടിക്കുറവ് വരുത്തുന്ന കേന്ദ്ര സമീപനവും കണക്കിലെടുക്കുമ്പോൾ, വായ്പകളിലൂടെ മാത്രമേ സാധിക്കുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ടി സാഹചര്യത്തിൽ, വായ്പകളെ ആശ്രയിച്ചിട്ടാണെങ്കിലും സംസ്ഥാനത്തിന്റെ സാമൂഹ്യ ക്ഷേമ വികസന ആവശ്യങ്ങൾ നിറവേറ്റുക എന്ന സമീപനമാണ് സർക്കാർ കൈക്കൊണ്ടു പോരുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയിൽ നിന്ന് അനർഹരെ ഒഴിവാക്കുന്നതോടൊപ്പം അർഹരായവർ ആരും ഒഴിവാക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; പദ്ധതിക്കായുള്ള അർഹതാ മാനദണ്ഡം വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ നിരവധി പേർ അനർഹരായുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും വിവിധ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ നിന്നും, 2016-ൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടിൽ നിന്നും, കരകുളം ഗ്രാമപഞ്ചായത്തിൽ മഹിളാ പ്രധാൻ ഏജന്റുമാർ മുഖേന നടത്തിയ സർവ്വേയിലൂടെയും ഇത് ബോധ്യപ്പെട്ടിട്ടുണ്ട്. വാഹനങ്ങൾ സംബന്ധിച്ച മോട്ടോർ വാഹന വകുപ്പിന്റെ ഡാറ്റാബേസ്, സ്പാർക്ക് ഡാറ്റാ ബേസ്, സർവ്വീസ്/ കുടുംബ പെൻഷൻകാരുടെ ഡാറ്റാബേസ്, റബ്ബർ സബ്സിഡി ഡാറ്റാ ബേസ് എന്നിവ പരിശോധിച്ചപ്പോഴും അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ഡാറ്റാ ബേസ് സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാബേസായ സേവനയുമായി സംയോജിപ്പിച്ച് പരിശോധിച്ചപ്പോഴും രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്ന നിരവധി പേരെ കണ്ടെത്തുകയുണ്ടായി. 2019 ഡിസംബർ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗ് വഴി മരണപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ അനർഹരായവരെയും കണ്ടെത്തിയിട്ടുണ്ട്.<br><br>മാനദണ്ഡങ്ങൾ പ്രകാരം അർഹരായവർ പ്രാദേശിക സർക്കാരിൽ അപേക്ഷ നൽകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് പെൻഷൻ |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നുണ്ട്. അർഹരായ എല്ലാപേർക്കും ഒരു പെൻഷനെങ്കിലും ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം.<br><br>സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**സാമൂഹ്യ സുരക്ഷാ പെൻഷനുള്ള പൊതു മാനദണ്ഡങ്ങൾ**

1. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത് (വിവാഹിതരായ മക്കളുടെ വരുമാനം കണക്കിലെടുക്കേണ്ടതില്ല)
2. അപേക്ഷകൻ സർവ്വീസ് പെൻഷണർ / കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്. (2000 രൂപ വരെ എക്സ്ഗ്രേഷ്യാ കുടുംബപെൻഷൻ വാങ്ങുന്നവർക്ക് ഈ നിബന്ധന ബാധകമല്ല)
3. അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്.
4. അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത് (പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല).
5. 1000 സി സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള , ടാക്സിയല്ലാത്ത , നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ (അംബാസഡർ കാർ ഒഴികെ) സ്വന്തമായുള്ള വ്യക്തികളാകരുത്.
6. അപേക്ഷകൻ കേന്ദ്രസർക്കാർ/ മറ്റുസംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ നിന്നും ശമ്പളം/പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്ന വ്യക്തിയാകരുത്.
7. അപേക്ഷകൻ കേന്ദ്ര/ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ/ കുടുംബ പെൻഷൻ ലഭിക്കുകയും ചെയ്യുന്ന വ്യക്തിയാകരുത്.
8. വിവിധ ദേവസ്വം ബോർഡുകളിലെ (തിരുവിതാംകൂർ, കൊച്ചി, മലബാർ, ഗുരുവായൂർ, കൂടൽ മാണിക്യം) സ്കീം പ്രകാരം പെൻഷൻ ലഭിക്കുന്ന വിരമിച്ച ജീവനക്കാരനാകരുത്
(22.09.2022 മുതൽ പ്രാബല്യം).
9. സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച്, കേരള സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡിൽ നിന്നും പെൻഷൻ ലഭിക്കുന്ന വ്യക്തിയാകരുത്
(22.09.2022 മുതൽ ബാധകം)

**ഓരോ ഇനം പെൻഷനുമുള്ള പ്രത്യേക മാനദണ്ഡങ്ങൾ**

**1. വാർദ്ധക്യകാല പെൻഷൻ**

I) പെൻഷന് അർഹതയ്ക്കുള്ള കുറഞ്ഞപ്രായം 60 വയസ്സാണ്.

**2. കർഷക തൊഴിലാളി പെൻഷൻ**

i) 60 വയസ്സോ അതിനു മുകളിലോ ആയിരിക്കണം

ii) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരിക്കണം

**3. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ**

I) അപേക്ഷക 50 വയസ്സ് പൂർത്തിയാക്കിയിരിക്കണം.

ii) അപേക്ഷക അവിവാഹിതയായിരിക്കണം

4. **വിധവാ പെൻഷൻ**

i) ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയവർക്കു മാത്രമേ വിധവാ പെൻഷൻ ലഭിയ്ക്കുവാൻ അർഹതയുള്ളൂ. അപ്രകാരം ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/ 7 വർഷത്തിലധികമായി ഭർത്താവിനെ കാണ്മാനില്ലാ എന്ന് റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ. പ്രസ്തുത സർട്ടിഫിക്കറ്റിന്റെ നമ്പർ, തീയതി, സർട്ടിഫിക്കറ്റ് നൽകിയ പ്രാദേശിക സർക്കാർ എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതും സർട്ടിഫിക്കറ്റ് അപ്-ലോഡ് ചെയ്യേണ്ടതുമാണ്.

ii) ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും (deserted) പുനർ വിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളപക്ഷം മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിയ്ക്കുവാൻ അർഹതയുണ്ട്.

iii) നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാകില്ല. അതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

iv) ഖണ്ഡിക 4(ii) പ്രകാരം ഉപേക്ഷിക്കപ്പെട്ടതല്ലാതെ ഭർത്താവിൽ നിന്നും അകന്നു കഴിയുന്ന വിധവയല്ലാത്ത വ്യക്തികൾക്ക് വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ല.

5. **വികലാംഗ പെൻഷൻ**

i) 40 ശതമാനമോ അതിനു മുകളിലോ വൈകല്യമുള്ള വ്യക്തിയായിരിക്കണം.

ii) നിലവിലുള്ള ഭിന്നശേഷിയിൽ മാറ്റങ്ങൾ ഉണ്ടാകാമെന്ന് മെഡിക്കൽ ബോർഡ് പരിശോധനയിൽ കണ്ടെത്തുന്ന ഭിന്നശേഷിക്കാർക്ക്, ഒരു പ്രത്യേക കാലയളവ് രേഖപ്പെടുത്തി ടി കാലയളവിലേക്ക് മാത്രം സാധുതയുള്ള തരം ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ടി കാലയളവിലേക്ക് ഭിന്നശേഷി പെൻഷൻ ലഭിക്കുന്നതാണ്. മെഡിക്കൽ ബോർഡിന് മുമ്പാകെ ഭിന്നശേഷി പുനഃപരിശോധനയ്ക്ക് വിധേയമായ ശേഷം അനുവദിക്കുന്ന ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ടി കാലയളവിന് ശേഷം, പെൻഷൻ തുടർന്നു ലഭിക്കുകയുള്ളൂ. ഏത് തരം ഭിന്നശേഷിക്കാർക്കും, അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായി, അവരുടെ ഭിന്നശേഷി സർട്ടിഫിക്കറ്റിന് സാധുതയുള്ള കാലയളവിലേക്ക് ഭിന്നശേഷി പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥിരം വൈകല്യം എന്ന് രേഖപ്പെടുത്തിയവർക്ക് Unique Disability ID Card ലഭിക്കുന്ന പക്ഷം നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ഭിന്നശേഷി പെൻഷൻ തുടർന്നും ലഭ്യമാകുന്നതാണ്)

iii) വികലാംഗനായ വ്യക്തിക്ക് വികലാംഗ പെൻഷനു പുറമേ മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

iv) വികലാംഗ പെൻഷൻ ഗുണഭോക്താവ് ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുന്ന വ്യക്തിയാണെങ്കിൽ രണ്ടാമത്തെ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹനല്ല.

v) നിലവിൽ വികലാംഗ പെൻഷൻ ഒഴികെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചു വരുന്ന വികലാംഗനായ വ്യക്തിക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി വികലാംഗ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

vi) തനത് ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ബോർഡ് പെൻഷന് പുറമേ വികലാംഗ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. അത്തരക്കാർക്ക് മറ്റ് വികലാംഗ പെൻഷൻ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന രണ്ടാമത്തെ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**6. മറ്റ് മാനദണ്ഡങ്ങൾ / നിർദ്ദേശങ്ങൾ**

(i). 06/02/2017-നു മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(ii). 06/02/2017മുതൽ ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

(iii). തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാപെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 06/07/2018 തീയതിക്ക് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചു വന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്.

(iv). (എ) കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച എക്സിക്യൂട്ടീവുകൾ/ സ്റ്റാഫുകൾ എന്നിവരിൽ 4000/- രൂപവരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിൽ മാത്രം ലഭിക്കാൻ അർഹതയുണ്ടായിരിക്കും. ഈ വിഭാഗം ജീവനക്കാരിൽ 4000/- രൂപയ്ക്ക് മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ, ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

(ബി) ഇ. പി. എഫ് പെൻഷൻ ലഭിക്കുന്ന വിരമിച്ച തൊഴിലാളികളിൽ 4000/– രൂപവരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും, 4000/– രൂപയ്ക്ക് മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ 600/– രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

(v). പ്രതിമാസം 4000/– രൂപ വരെ എക്സ്ഗ്രേഷ്യ പെൻഷൻ/ എൻ.പി.എസ്. പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ/ ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ 600/– രൂപ നിരക്കിൽ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും.

(vi). സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ കുടുംബ പെൻഷണർമാർ നിലവിൽ മറ്റു സാമൂഹ്യസുരക്ഷാ പെൻഷൻ/ ക്ഷേമനിധിബോർഡ് പെൻഷൻ കൈപ്പറ്റാത്തവരാണെങ്കിൽ അവർക്ക് ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ പൂർണ്ണ നിരക്കിൽ ലഭിയ്ക്കുവാൻ അർഹതയുണ്ട്.

(vii). ഒരു ഗുണഭോക്താവിന് ഇ.പി.എഫ്/ ക്ഷേമനിധി ബോർഡ്/ സാമൂഹ്യ സുരക്ഷാ എന്നിവ ഉൾപ്പെടെ ഏതെങ്കിലും രണ്ടിനം പെൻഷനുകൾ ലഭിക്കുന്നതിനേ അർഹതയുള്ളൂ.

(viii). സാംസ്കാരികം/ കായിക യുവജനക്ഷേമം എന്നീ വകുപ്പുകൾ മുഖേനയുള്ള പെൻഷനുകൾ ലഭിക്കുന്നവർക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കാൻ അർഹതയുണ്ട്.

(എ) തനതു ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ അംഗമായ സർക്കസ് പെൻഷൻ/ അവശ കായികതാര പെൻഷൻ/ കലാകാര പെൻഷൻ / അവശ കലാകാര പെൻഷൻകാർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും സർക്കസ്/ അവശ കായികതാര / കലാകാര / അവശ കലാകാര പെൻഷൻ എന്നിവയിലേതെങ്കിലും ഒന്ന് 600/– രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ട്.

(ബി) വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക്, മറ്റ് പെൻഷനുകളൊന്നും കൈപ്പറ്റാത്ത പക്ഷം, മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കസ് പെൻഷൻ/ അവശ കായികതാര പെൻഷൻ/ കലാകാര പെൻഷൻ/ അവശ കലാകാര പെൻഷൻ എന്നിവയിൽ ഏതെങ്കിലും ഒന്ന് 600/– രൂപ നിരക്കിൽ ലഭിക്കുന്നതാണ്. നിലവിൽ സർക്കസ് പെൻഷൻ/ അവശ കായികതാര പെൻഷൻ/ കലാകാര പെൻഷൻ/ അവശ കലാകാര പെൻഷൻ എന്നിവയിലേതെങ്കിലും ഒന്ന് ലഭിക്കുന്ന ഭിന്നശേഷിക്കാർക്ക് മറ്റ് പെൻഷനുകളൊന്നും കൈപ്പറ്റാത്ത പക്ഷം, മാനദണ്ഡങ്ങൾക്ക് വിധേയമായി വികലാംഗ പെൻഷൻ 600/– രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(ix). സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവിന്റെ/അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ താഴെ വിശദീകരിച്ചിട്ടുള്ള വിഭാഗത്തിലുള്ളവർ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളുള്ള ഗണത്തിൽപ്പെടുന്നു.

(എ) 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർ

(ബി) താമസിക്കുന്ന വീട്ടിൽ എയർകണ്ടീഷണർ ഉള്ളവർ.

(സി) കുടുംബത്തിൽ 1000 സി.സി- യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി. വാഹനമുള്ളവർ.

(x) അനാഥ/ അഗതി/ വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല.

(xi) പെൻഷൻ ഗുണഭോക്താവ് മരിച്ച ശേഷം അനുവദിക്കുന്ന പെൻഷൻ തുകയ്ക്ക് അവകാശികൾക്ക് അർഹതയുണ്ടയിരിക്കുന്നതല്ല.

(xii) മിഷണറികൾ, മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മന്ദിരങ്ങളിൽ താമസിക്കുന്ന സന്യാസിമാർ, പുരേഹിതർ, വൈദികർ, കോൺവെന്റുകളിലെ കന്യാസ്ത്രീകൾ, മഠങ്ങളിലെ/മതസ്ഥാപനങ്ങളിലെ അന്തേവാസികൾ എന്നിവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല; ഇത്തരക്കാർ പെൻഷൻ കൈപ്പറ്റുന്ന പക്ഷം അവരെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടതാണ്. എന്നാൽ, മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലല്ലാതെയുള്ള ഭവനങ്ങളിൽ താമസിക്കുന്ന സന്യാസിമാർ, പുരോഹിതർ, വൈദികർ എന്നിവർക്ക് അവർ സേവനമനുഷ്ഠിക്കുന്ന മതസ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്നതുൾപ്പെടെയുള്ള വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത പക്ഷം, മറ്റ് മാനദണ്ഡങ്ങൾ പാലിക്കുന്നുവെങ്കിൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കാവുന്നതാണ്. ഓണറേറിയം കൈപ്പറ്റുന്ന പ്രാദേശിക സർക്കാരുകളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, ഓണറേറിയം കൈപ്പറ്റുന്ന മറ്റു വ്യക്തികൾ എന്നിവരിൽ, ഓണറേറിയം ഉൾപ്പെടെ ഒരുലക്ഷം രൂപവരെ വരുമാനം ഉള്ളവർക്ക് (കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടരുത്), മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരാണെങ്കിൽ, പെൻഷൻ അനുവദിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ